'ഭരണഭാഷ- മാതൃഭാഷ'

150 YEARS OF CELEBRATING THE MAHATMA

**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

തദ്ദേശസ്വയംഭരണ വകുപ്പ് - നഗരകാര്യം - ജീവനക്കാര്യം - ശ്രീ. സി.ആർ. വെങ്കിടേശ്വരൻ പി.എ.ടു. സെക്രട്ടറി - അവധി ക്രമീകരിച്ച് - ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശസ്വയംഭരണ (ഇ.യു.) വകുപ്പ്**

സ.ഉ.(സാധാ) നം.2613/2019/ത.സ്വ.ഭ.വ   തീയതി,തിരുവനന്തപുരം, 20/11/2019

---

പരാമർശം:- 1 20.12.2018-ലെ സ.ഉ.(സാധാ) നം. 3211/2018/തസ്വഭവ

2 നഗരകാര്യ ഡയറക്ടറുടെ 25.02.2019 തീയതിയിലെ ഇ.6-11989/2018 നമ്പർ കത്ത്.

**<u>ഉത്തരവ്</u>**

പാലക്കാട് നഗരസഭാ സെക്രട്ടറിയുടെ പി.എ. ആയിരുന്ന ശ്രീ.സി.ആർ.വെങ്കിടേശ്വരൻ 01.07.2007 മുതൽ 23.09.2008 വരെയുള്ള കാലയളവ് മെഡിക്കൽ സർട്ടിഫിക്കറ്റിന്റെ അടിസ്ഥാനത്തിൽ ശൂന്യവേതനാവധിയായി ക്രമീകരിക്കുന്നതിന് സമർപ്പിച്ച അപേക്ഷ നഗരകാര്യ ഡയറക്ടർ പരാമർശം 2 പ്രകാരം ലഭ്യമാക്കിയിരുന്നു..

2. അപേക്ഷകൻ ആരോഗ്യപരമായ കാരണങ്ങളാലാണോ 01.07.2007 മുതൽ സേവനത്തിൽ നിന്നും വിട്ടുനിന്നതെന്ന് നിലവിൽ പരിശോധിക്കുക സാധ്യമല്ലാത്തതാണെന്ന് നഗരകാര്യ ഡയറക്ടർ അറിയിച്ചിട്ടുണ്ട്.

3. 01/07/2007 മുതൽ 23/09/2008 വരെയുള്ള കാലയളവിലെ മെഡിക്കൽ സർട്ടിഫിക്കറ്റുകൾ അപേക്ഷകൻ ഹാജരാക്കിയിട്ടുണ്ട്. എന്നാൽ 14/06/1994 ലെ 36/1994/ധന നം. സർക്കുലറിലെ നിർദ്ദേശങ്ങൾ പാലിക്കുവാൻ ഇനി കഴിയില്ലായെന്നതിനാൽ മെഡിക്കൽ സർട്ടിഫിക്കറ്റിന്മേൽ ശൂന്യവേതനാവധിയ്ക്കു ടിയാൻ അർഹനല്ല. ഈ സാഹചര്യത്തിൽ ശ്രീ.സി.ആർ.വെങ്കിടേശ്വരന്റെ 01/07/2007 മുതൽ 23/09/2008 വരെയുള്ള ഹാജരില്ലായ്മ കാലയളവ് ഇൻക്രിമെന്റ്, ഹയർഗ്രേഡ്, പെൻഷൻ, ആർജ്ജിതാവധി എന്നീ സേവനാനുകൂല്യങ്ങൾക്ക് പരിഗണിക്കുന്നതല്ലായെന്ന വ്യവസ്ഥയിൽ കെ.എസ്.ആർ. ഭാഗം I ചട്ടം 88 പ്രകാരം

മെഡിക്കൽ സർട്ടിഫിക്കറ്റിന്മേലല്ലാതെയുള്ള ശൂന്യവേതനാവധിയായി ക്രമപ്പെടുത്തി ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
**രമണി മാത്യൂ**
**അഡീഷണല് സെക്രട്ടറി**

**പകർപ്പ് :**

നഗരകാര്യ ഡയറക്ടർ, തിരുവനന്തപുരം.

ഡയറക്ടർ, കേരള സംസ്ഥാന ആഡിറ്റ് വകുപ്പ്, തിരുവനന്തപുരം

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ&ഇ)/(ആഡിറ്റ്) തിരുവനന്തപുരം

ശ്രീ.സി.ആർ. വെങ്കിടേശ്വരന് (നഗരകാര്യ ഡയറക്ടർ മുഖേന)

എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം

ധനകാര്യ വകുപ്പ്

സ്റ്റോക്ക് ഫയൽ/ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ